# സ്പോർട്ട്സ് ക്വാട്ട സ്പെഷ്യൽ അലോട്ട്മെൻറ് അഡ്മിഷൻ

## വിദ്യാർത്ഥികൾക്കുള്ള   നിർദ്ദേശങ്ങൾ

സ്പോർട്ട്സ് ക്വാട്ട അഡ്മിഷനുവേണ്ടിയുള്ള രണ്ടാമത്തെ സ്പെഷ്യൽ അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. www.hscap.kerala.gov.in എന്ന വെബ്സൈറ്റിലെ "Sports Allotment Results" എന്ന ലിങ്കിലൂടെ 8 അക്കങ്ങളുള്ള സ്പോർട്സ് അപേക്ഷാ നമ്പരും ജനനതീയതിയും നൽകി ജില്ല സെലക്ട് ചെയ്ത് റിസൾട്ട് പരിശോധിക്കാവുന്നതാണ്.അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ പ്രസ്തുത ലിങ്കിൽ നിന്നും ലഭിക്കുന്ന 2 പേജുള്ള അലോട്ട്മെൻറ് ലെറ്ററിൻെറ പ്രിൻറൗട്ടെടുത്ത് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകിയ സ്കോർകാർഡ്, അസ്സൽ സർട്ടിഫിക്കറ്റുകൾ(യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്,വിടുതൽ സർട്ടിഫിക്കറ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, സ്പോർട്ട്സ് മികവു തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ)സഹിതം അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ പ്രവേശനത്തിനായി ഹാജരാക്കേണ്ടതാണ്. ഒന്നാം അലോട്ട്മെൻറിൽ താൽക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെൻറിൽ ഉയർന്ന ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചിട്ടില്ലെങ്കിൽ പുതിയ അലോട്ട്മെൻറ് ലെറ്റർ ആവശ്യമില്ല. അലോട്ട്മെൻറ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെൻറ് ലഭിച്ച സ്കൂളുകളിൽ **മേയ്** 30 ന് രാവിലെ 10 മണി മുതൽ **ജൂൺ** 1 ന് വൈകിട്ട് 4 മണി വരെയുള്ള സമയപരിധിക്കുള്ളിൽ ഫീസടച്ച് സ്ഥിരപ്രവേശനം നേടണമെന്ന് ഹയർസെക്കണ്ടറി ഡയറക്ടർ അറിയിച്ചു.

ഡയറക്ടർ